

# അക്കാദമിക മാസ്റ്റർ പ്ലാൻ

# 2025 - 26




## എ. എം. എൽ. പി സ്കൂൾ വില്ലൂർ

Estd 1923
KNOWLEDGE IS POWER
A M L P SCHOOL VILLUR



1

# ആമുഖം

**വിദ്യാഭ്യാസം ഒരു
സമൂഹത്തിന്റെ ഭാവിയെ
നിർണയിക്കുന്ന ഏറ്റവും പ്രധാനപ്പെട്ട
ചാലകശക്തിയാണ്. ഓരോ
വിദ്യാലയത്തിന്റെയും അക്കാദമിക വളർച്ചയ്ക്കും
സമഗ്ര വളർച്ചക്കും വേണ്ടിയുള്ള
ദിശാബോധമായാണ് അക്കാദമിക് മാസ്റ്റർ പ്ലാൻ
രൂപപ്പെടുത്തുന്നത്. കുട്ടികളുടെ അറിവും കഴിവുകളും
ജീവിത നൈപുണ്യങ്ങളും വളർത്തുന്നതിനൊപ്പം,
അധ്യാപകരുടെയും രക്ഷിതാക്കളുടെയും പങ്കാളിത്തം
ഉറപ്പാക്കുന്ന ഒരു സംയുക്ത ശ്രമമാണ് ഇതിലൂടെ
ലക്ഷ്യമിടുന്നത്.**



**നമ്മുടെ വിദ്യാലയത്തിന്റെ ദീർഘകാല വിദ്യാഭ്യാസദൗത്യവും
ലക്ഷ്യങ്ങളും പരിഗണിച്ചുകൊണ്ട്, ഇതൊരു ശാസ്ത്രീയമായ,
ശിശു കേന്ദ്രീകൃതമായ, സാമൂഹികപരമായ
സമീപനത്തിലാണ് തയ്യാറാക്കിയിരിക്കുന്നത്.**

**വിദ്യാഭ്യാസരംഗത്ത് എന്നും മുന്നേ നടക്കാൻ
ശ്രമിക്കുന്ന നമ്മുടെ വിദ്യാലയത്തിൽ 2025 - 26
അധ്യയന വർഷം നടപ്പിലാക്കുന്ന കർമ്മ
പദ്ധതികളിൽ അക്കാദമിക രംഗത്ത്
വിദ്യാലയം ചെയ്യുന്ന
പ്രവർത്തനങ്ങളാണ് ഇവിടെ
നൽകിയിരിക്കുന്നത്.**



2

# അവസ്ഥ വിശകലനം

എ.എം.എൽ.പി സ്കൂൾ വില്ലൂരിൽ പ്രീ. പ്രൈമറി ക്ലാസുമുതൽ നാലാം ക്ലാസ് വരെ 370 വിദ്യാർത്ഥികളാണ്  നിലവിൽ പഠിക്കുന്നത് പ്രീ. പ്രൈമറിയിൽ നാല് ക്ലാസുകളും എൽ പി യിൽ 10 ക്ലാസുകളുമാണ് ഉള്ളത്. 17 അധ്യാപകരും 2 ആയമാരും , ഒരു കുക്കും ഉൾപ്പെടെ 20 പേർ സ്കൂളിൽ ജോലി ചെയ്യുന്നു.

അക്കാദമിക രംഗത്തും പാഠ്യ പാഠ്യേതര മേഖലകളിലും വേറിട്ട പ്രവർത്തനങ്ങൾ നടത്തി ജില്ലയിലെ തന്നെ മികച്ച വിദ്യാലയങ്ങളിൽ ഒന്നായി മാറാൻ നമ്മുടെ വിദ്യാലയത്തിന് കഴിഞ്ഞിട്ടുണ്ട്.

സ്കൂളിൽ എത്തുന്ന അവസാന കുട്ടിയും മികവിലേക്ക് എന്നതാണ് വിദ്യാലയത്തിന്റെ ലക്ഷ്യം.

കഴിഞ്ഞ വർഷം നടത്തിയ വിജയത്തിളക്കം പരിപാടി ഇതിന്റെ ഉത്തമ ഉദാഹരണമാണ്.
സ്കൂളിലെ മുഴുവൻ കുട്ടികളെയും വായനയിൽ അടിസ്ഥാന ശേഷി നേടിയതായി പ്രഖ്യാപിച്ച പരിപാടി ഏറെ അഭിമാനകരമാണ്. മികച്ച എൽ.എസ് എസ് റിസൽറ്റ്, കലാ കായിക ശാസ്ത്ര മേളകളിൽ മികച്ച വിജയം, സംസ്ഥാനത്തെ ആദ്യ സ്കൂൾ യൂട്യൂബ് ചാനൽ, മലർവാടി ആർട്സ് ക്ലബ്, കൃത്യമായ വിക്കി അപ്ഡേറ്റ്, ക്ലാസിൽ ഒച്ച വായന പദ്ധതി, നാല് മൂലകൾ അമ്മ ടീച്ചർ പദ്ധതി എന്നിവയെല്ലാം സ്കൂളിന്റെ മാത്രം പ്രത്യേകതയാണ്







3

# ലക്ഷ്യങ്ങൾ

**2025-26 അധ്യയന വർഷം താഴെ പറയുന്ന കാര്യങ്ങൾ ലക്ഷ്യം വെച്ചു കൊണ്ടുള്ള പ്രവർത്തനപരിപാടികൾ നടത്തും.**

- സെപ്റ്റംബർ മാസത്തിൽ എല്ലാ വിദ്യാർത്ഥികൾക്കും വായനയിലും എഴുത്തിലും അടിസ്ഥാന ശേഷി ഉറപ്പ് വരുത്തും.
- സെപ്തംബർ മാസത്തിൽ നിലവിലെ ഭൗതീക സാഹചര്യത്തിൽ നിന്നും ഒരു കുതിച്ചുചാട്ടം.
- ലൈബ്രറി പ്രവർത്തനങ്ങൾ ശക്തിപ്പെടുത്തും.
- പരീക്ഷ എഴുതുന്ന എല്ലാ വിദ്യാർത്ഥികൾക്കും എൽ.എസ്.എസ്.
- കേരളത്തിലെ തനത് കലാരൂപങ്ങൾ പരിചയപ്പെടൽ.
- വിവിധ സർഗ്ഗോത്സവങ്ങൾ സംഘടിപ്പിക്കൽ.
- ഇംഗ്ലീഷ് ഡയറി എഴുത്ത് പരിശീലനം.
- ഇംഗ്ലീഷ് ഭാഷ സ്വായത്തമാക്കാനായി വൈവിധ്യമാർന്ന പ്രവർത്തനങ്ങൾ.
- പരിസ്ഥിതി ബോധം ഉണ്ടാക്കാനുള്ള വിവിധ പ്രവർത്തനങ്ങൾ.
- ശാസ്ത്ര ബോധം വളർത്താനുള്ള പ്രവർത്തനങ്ങൾ.





4

# ACADEMIC MASTER PLAN 2025-26

## AMLPS VILLUR

| | കാര്യക്രമം | ലക്ഷ്യം | പ്രവർത്തനം | കാലയളവ് | ചുമതല |
|---|---|---|---|---|---|
| 1 | നാല് ക്ലാസ് മൂലകൾ | വിവിധ ഭാഷകളിലും വിഷയങ്ങളിലും വിദ്യാർത്ഥികൾക്ക് ആവശ്യമായ പഠനോപകരണങ്ങൾ ഒരുക്കുക | നിലവിൽ ഓരോ ക്ലാസിലും സ്ഥാപിച്ച നാല് മൂലകളിലും ആവശ്യമായ പഠനോപകരണങ്ങൾ ഒരുക്കുക | ജൂൺ - മാർച്ച് | ക്ലാസ് ടീച്ചർ |
| 2 | ഒച്ച വായന പദ്ധതി | കുട്ടികൾക്ക് ഇഷ്ടാനുസരണം ഒച്ചത്തിൽ വായിക്കുന്നതിനുള്ള അവസരം ഒരുക്കുക | ക്ലാസിൽ ഓരോ ദിവസവും ഇംഗ്ലീഷിലും മലയാളത്തിലും ഓരോ വായന കാർഡ് തയ്യാറക്കുന്നു. | ജൂൺ - മാർച്ച് | ക്ലാസ് ടീച്ചർ |
| 3 | ആദായ വിൽപ്പന | കുട്ടികളിൽ ഗണിതത്തിൽ അടിസ്ഥാന ധാരണ ഉറപ്പിക്കുക | സ്കൂൾ മുറ്റത്ത് ഒരു കച്ചവട സ്റ്റാർ ഒരുക്കി എല്ലാ കുട്ടികൾക്കും വിൽപ്പനക്കാരൻ ആവുന്ന രീതിയിൽ | ജൂൺ - മാർച്ച് | ഗണിത ക്ലബ് |
| 4 | ചെസ് പരിശീലനം | കുട്ടികളിൽ ബുദ്ധിപരമായും ചിന്താ പരമായും ശേഷി വളർത്തുക | ആഴ്ചയിൽ ഒരു ദിവസം വിദ്യാർത്ഥികൾക്ക് ചെസ്സിൽ പരിശീലനം സംഘടിപ്പിക്കുന്നു. | ജൂൺ - മാർച്ച് | ഗണിത ക്ലബ് |
| 5 | ദിവസം ഒരു വായന കാർഡ് | വിദ്യാർത്ഥികളിൽ വായന ശേഷി വളർത്തുക. | ഒന്ന് മുതൽ നാല് വരെയുള്ള ക്ലാസുകളിൽ ഓരോ ദിവസവും ഇംഗ്ലീഷ്, മലയാളം വായന കാർഡുകൾ തയ്യാറാക്കി പ്രിന്റ് എടുത്ത് ക്ലാസ്റൂമിൽ നൽകുന്നു. | ജൂൺ - മാർച്ച് | ക്ലാസ് അധ്യാപകർ |
| 6 | വിദഗ്ധർ @ ഓൺലൈൻ | വിവിധ വിഷയങ്ങളിൽ കൂടുതൽ അറിവ് നേടൽ | വിവിധ മേഖലകളിൽ കഴിവ് തെളിയിച്ചവരുമായി വിദ്യാർത്ഥികൾക്ക് ഓൺലൈനിൽ സംവദിക്കാൻ അവസരം | ജൂൺ - മാർച്ച് | എസ്.ആർ.ജി |



5

| | | | | | |
|---|---|---|---|---|---|
| 7 | ഗൃഹസന്ദർശന പരിപാടി | വിദ്യാർത്ഥികളുടെ ജീവിത സഹചര്യം മനസിലാക്കുക | പ്രീ. പ്രൈമറി മുതൽ നാല് വരെ ക്ലാസിലെ കുട്ടികളുടെ വീട്ടുകൾ ക്ലാസ് അധ്യാപകർ സന്ദർശിക്കുന്നു. | ജൂൺ | ക്ലാസ് ടീച്ചർ |
| 8 | ആകാശവാണി പൂക്കുടയിൽ ഞങ്ങൾ | റേഡിയോ പരിപാടികളെ കുറിച്ച് മനസിലാക്കാനും കലാ പഠനം കാര്യക്ഷമമാക്കാനും | കോഴിക്കോട്, മഞ്ചേരി റേഡിയോ സ്റ്റേഷൻ സന്ദർശനവും പരിപാടി അവതരണവും | ജനുവരി | വിദ്യാരംഗം, പി.ടി എ |
| 9 | അമ്മ ടീച്ചർ പദ്ധതി | പഠന പ്രവർത്തനങ്ങയിൽ രക്ഷിതാക്കളുടെ പങ്കാളിത്തം ഉറപ്പാക്കൽ | സ്കൂൾ എസ്. ആർ.ജി നടക്കുന്ന ദിവസങ്ങളിലും ടീച്ചർ ലീവാകുന്ന ദിവസങ്ങളിലും അമ്മമാരുടെ പങ്കളിത്തത്തോടെ ക്ലാസ് മുന്നോട്ട് കൊണ്ട് പോവുന്നു | ജൂൺ - മാർച്ച് | ക്ലാസ് ടീച്ചർ |
| 10 | ഓല പീപ്പി | സർഗവാസനയെ പ്രോത്സാഹിപ്പിക്കുക | സ്കൂളിലെ വിദ്യാർതികളുടെ കലാസൃഷ്ടികൾ യഥാ സമയം ഓൺലൈനിലേക്ക് നൽകുന്ന പരിപാടി | ജൂൺ - മാർച്ച് | വിദ്യാരംഗം |
| 11 | വിദ്യാർത്ഥികൾ ഉണ്ടാക്കുന്ന നിയമാവലി | കുട്ടികളിൽ അച്ചടക്കബോധം, മാലിന്യ സംസ്കരണശീലം വളർത്തുക | ഓരോ ക്ലാസിലും കുട്ടികളുടെ അഭിപ്രായംമാനിച്ച് ഉണ്ടാക്കുന്ന നിയമാവലി പ്രദർശിപ്പിക്കുന്നു. | ജൂൺ - മാർച്ച് | ക്ലാസ് ടീച്ചർ |
| 12 | സഹവാസ ക്യാമ്പ് | വ്യക്തി വികാസം | വിവിധ വിഷയങ്ങളിൽ കുട്ടികളിൽ അറിവ് വർദ്ധിപ്പിക്കാനായി സഹവാസ ക്യാമ്പുകളും ഫീൽഡ് ട്രിപ്പുകളും സംഘടിപ്പിക്കുന്നു. | ജനുവരി | എസ്.ആർ.ജി |



6

# ACADEMIC MASTER PLAN 2025-26

## AMLPS VILLUR

## MALAYALAM

| | കാര്യക്രമം | ലക്ഷ്യം | പ്രവർത്തനം | കാലയളവ് | ചുമതല |
|---|---|---|---|---|---|
| 1 | മധുരം മലയാളം | ഭാഷാപരമായ പിന്നാക്കാവസ്ഥ പരിഹരിക്കൽ | * ഭാഷാപരമായി പിന്നാക്കം നിൽക്കുന്നവർക്ക് പ്രത്യേകം പരിശീലനം സംഘടിപ്പിക്കൽ<br>* ആവശ്യമായ സാമഗ്രികൾ ഒരുക്കൽ | ലക്ഷ്യം നേടുന്നത് വരെ | SRG,<br>Class teacher |
| 2 | വായിക്കാം വളരാം | വായനാശേഷി വളർത്തൽ | * ക്ലാസ് വായനാക്കൂട്ടം<br>* ക്ലാസ് ലൈബ്രറി ഒരുക്കൽ<br>* പുസ്തക പരിചയം<br>* വായനാകുറിപ്പ്<br>* ആസ്വാദനകുറിപ്പ്<br>* പുസ്തക സംവാദം<br>* ആനുകാലിക വായന | വർഷം മുഴുവൻ | HM, SRG,<br>Class teacher,<br>CPTA |
| 3 | എഴുതാം തെളിയിക്കാം | എഴുത്ത് പരിപോഷിപ്പിക്കൽ | * പാഠഭാഗങ്ങളിൽനിന്നും പഠനപ്രവർത്തനങ്ങളിൽ നിന്നും നേടിയ ശേഷികൾ എഴുത്തുകളിലൂടെ വളർത്തൽ | വർഷം മുഴുവൻ | SRG,<br>Class teacher |
| 4 | എഴുത്തുകാരുമായി സംവദിക്കൽ | * ലേഖന ശേഷി വർദ്ധിപ്പിക്കാൻ<br>* സാഹിത്യകാരൻമാരെ അടുത്തറിയൽ | * സാഹിത്യകാരൻമാരുമായി എഴുത്തിലൂടെ സംവദിക്കൽ | ആവശ്യാനുസരണം | Class teacher |
| 5 | കണ്ടറിയാം കേട്ടറിയാം | അറിവ് ഡോക്യുമെന്ററിയിലൂടെ നേടൽ, ICT | * പാഠഭാഗങ്ങളുമായി ബന്ധപ്പെട്ട വിവിധ വീഡിയോകൾ സംഘടിപ്പിക്കൽ, പ്രദർശിപ്പിക്കൽ | ആവശ്യാനുസരണം | Class teacher |
| 6 | രുചിച്ചറിയാം | നമ്മുടെ പ്രാചീന നാടൻ ഭക്ഷണങ്ങൾ പരിചയപ്പെടൽ | * ഭക്ഷ്യമേള<br>* പാചകക്കുറിപ്പടങ്ങിയ പതിപ്പ് നിർമാണം<br>* ക്ലാസിലൊരു സദ്യ | വർഷത്തിലൊന്ന് | Class teacher |
| 7 | ഓർക്കാം അഭിമാനിക്കാം സാഹിത്യകാരൻമാർ | സാഹിത്യകാരന്മാരുടെ ജന്മ ചരമ ദിനാചരണങ്ങൾ സംഘടിപ്പിക്കൽ, അടുത്തറിയൽ | * ഓർമദിനങ്ങൾ ആചരിക്കൽ<br>* ഡോക്യുമെന്ററി പ്രദർശനം<br>* പുസ്തകപരിചയം<br>* ക്വിസ്സ് ലഘുപ്രഭാഷണം<br>* ജീവിതരേഖ തയ്യാറാക്കൽ<br>* പതിപ്പ് നിർമാണം<br>* പ്രദർശനം | ആവശ്യാനുസരണം | SRG,<br>Classteacher,<br>CPTA |



7

| | | | | | |
|---|---|---|---|---|---|
| 8 | കലക്കൂട്ട് | പാഠഭാഗവുമായി ബന്ധപ്പെട്ട കലകൾ നേരിട്ടറിയൽ | * പ്രദേശവാസികളായ കലാകാരൻമാരുടെ സേവനം ക്ലാസ്മുറിയിലേക്ക്<br>* കലാവതരണം<br>* കലയുമായിബന്ധപ്പെട്ട ഉപകരണങ്ങൾ, ചമയങ്ങൾ പ്രദർശനം | വർഷത്തിലൊരിക്കൽ | HM, SRG, CPTA, Class teacher |
| 9 | സർഗ്ഗോത്സവം | ഭാഷാപഠനത്തിന്റെ ഭാഗമായി നേടിയശേഷികൾ ആത്മവിശ്വാസത്തോടെഅവതരിപ്പിക്കൽ | * കുട്ടികളുടെ സർഗശേഷികളുടെ പ്രദർശനം | വർഷത്തിലൊരിക്കൽ | Class teacher |






8

# ACADEMIC MASTER PLAN 2025-26

## AMLPS VILLUR

# ARABIC

| | കാര്യക്രമം | ലക്ഷ്യം | പ്രവർത്തനം | കാലയളവ് | ചുമതല |
|---|---|---|---|---|---|
| 1 | അറബിക് മധുരം: | അറബിക് ഭാഷയിൽ പിന്നോക്കം നിൽക്കുന്ന കുട്ടികളെ പരിപോഷിപ്പിക്കുക | * ടെസ്റ്റ് നടത്തി പിന്നോക്കം നില്ക്കുന്ന വിദ്യാർത്ഥികളെ കണ്ടെത്തുന്നു.<br>* അക്ഷരങ്ങൾ തിരിച്ചറിയാൻ പ്രയാസം അനുഭവിക്കുന്ന കുട്ടികൾക്ക് അക്ഷരങ്ങളുടെ പ്രിന്റ് നൽകി വ്യത്യസ്ത നിറങ്ങൾ ചെയ്യിപ്പിക്കുന്നു. | ജൂൺ - ഓഗസ്റ്റ് | അറബിക് അധ്യാപകർ |
| 2 | വായനാ ലോകം | കുട്ടിയെ വായനയുടെ ലോകത്തേക്ക് കൊണ്ട് വരൽ | തിരഞ്ഞെടുത്ത ലളിതമായ അറബിക് പുസ്തക ശേഖരം (അറബിക് ലൈബ്രറി) | വർഷം മുഴുവൻ | അറബിക് ക്ലബ്ബ് |
| 3 | അറബിക് അസംബ്ലി | അറബി ഭാഷ സംസാരശേഷി വർദ്ധിപ്പിക്കൽ | * ആഴ്ചയിൽ ഒരു ദിവസം ക്ലാസുകളിൽ അറബിക് അസംബ്ലി സംഘടിപ്പിക്കുക<br>* ചെറിയ വാർത്തകൾ അറബിയിൽ വായിക്കുക<br>* ചെറിയ അറബിക് കുറിപ്പുകൾ വായിക്കുക<br>* പുസ്തകം പരിചയപ്പെടുത്തൽ<br>* സാഹിത്യകാരന്മാരെ പരിചയപ്പെടുത്തൽ | വർഷം മുഴുവൻ | അറബിക് അധ്യാപകർ |
| 4 | ആസ്വാദന ലോകം | വിദ്യാർത്ഥികളുടെ നൈപുണികൾ വളർത്തൽ | ക്ലാസുകളിൽ വ്യത്യസ്ത മത്സരങ്ങൾ നടത്തൽ | ആവശ്യാനുസരണം | അറബിക് അധ്യാപകർ |

| | | | | | |
|---|---|---|---|---|---|
| 5 | അറബിക് ഫെസ്റ്റ് | * അന്താരാഷ്ട്ര അറബി ഭാഷാ ദിനം ആചരിക്കൽ<br>* വിദ്യാർത്ഥികളുടെ നൈപുണികൾ വളർത്തൽ | അറബിക് ദിനത്തിലോ അല്ലതെയോ ഒരു ഫുൾ ഡേ/ഹാഫ് ഡേ അറബിക് ഫെസ്റ്റ് നടത്തുക.<br><br>കാര്യപരിപാടികൾ:<br>* ഉദ്ഘാടനം<br>* ആദരിക്കൽ (ഇത് വരെ സ്കൂളില നടത്തിയ അറബിക് മത്സരങ്ങളുടെ സമ്മാനദാന ചടങ്ങ്)<br>* മികച്ച അറബിക് കലാ അവതരണം<br>* തെരഞ്ഞെടുത്ത അറബിക് ഡോക്യുമെന്ററി/ആനിമേഷൻ പ്രദർഷനം<br>* അറബിക് എക്സിബിഷൻ (അറബിക് ഭാഷാ ചരിത്രം, വികാസം, പ്രാധാന്യം, ഉപരി പഠനം, ജോലി സാധ്യത, ഭാഷാ സൗന്ദര്യം, അറബിക് കാലിഗ്രാഫി)<br>* കാലിഗ്രാഫി വർക്ക്ഷോപ്പ് (കാലിഗ്രഫി എഴുത്തുകളും അതിന്റെ സാധ്യതകളും വിദ്യാർത്ഥികളെ പരിചയപ്പെടുത്തൽ) | ഡിസംബർ | അറബിക് ക്ലബ്ബ് |
| 6 | നല്ല എഴുത്ത് | കുട്ടികളുടെ കയ്യെഴുത്ത് മെച്ചപ്പെടുത്തൽ | * അറബി ഭാഷയിടെ തനതായ സൗന്ദര്യ എഴുത്ത് (നസ്ഖ്, രിഖഅ) പരിശീലിപ്പിക്കൽ.<br>* ഓരോ കുട്ടികൾക്കും പ്രത്യേക വർക്ക്ഷീറ്റുകളും കോപ്പികളും നല്കി പരിശീലനം നല്കൽ<br>* വർഷത്തിൽ ഒരിക്കൽ കയ്യെഴുത്ത് മാഗസിൻ തയ്യാറാക്കുക<br>* ചുമർ പത്രിക | വർഷം മുഴുവൻ | അറബിക് അധ്യാപകർ |



10

# ACADEMIC MASTER PLAN 2025-26

## AMLPS VILLUR

# ENGLISH

| SL No | Learning Aims | Activity Details | Duration | Fund | Duty |
|---|---|---|---|---|---|
| 1 | English Assembly | ആഴ്ചയിൽ ഒരു ക്ലാസ്മുറിയിൽ വെച്ച് ഇംഗ്ലീഷ് അസംബ്ലി നടത്തുന്നു | വർഷം മുഴുവൻ | ---- | ക്ലാസ് ടീച്ചർ |
| 2 | English Diary | വീട്ടിലും വിദ്യാലയത്തിലും നടക്കുന്ന കാര്യങ്ങൾ ഇംഗ്ലീഷ് ഡയറിയിൽ എഴുതുക | വർഷം മുഴുവൻ (ആഴ്ചയിൽ 3 ദിവസം) | ---- | ക്ലാസ് ടീച്ചർ |
| 3 | English Theatre | ഇംഗ്ലീഷ് പാഠഭാഗങ്ങളെ വ്യവഹാരരൂപങ്ങളാക്കി അവതരിപ്പിക്കൽ (skit,drama,conversation,story telling) | Monthly | ---- | English teacher |
| 4 | Readers Theatre | പാഠഭാഗത്തിലെ ഒരു ഭാഗം ഓരോ ക്ലാസ്സുകാർ റേഡിയോയിൽ അവതരിപ്പിക്കുന്നു | Daily | ---- | Radio, class teacher |
| 5 | Reader of the week | ഓരോ ക്ലാസ്സിൽ നിന്നും വായനാ കാർഡ് വായനയിലൂടെ 'reader of the week' കണ്ടെത്തുന്നു. ശേഷം സ്കൂൾ തലത്തിലും കണ്ടെത്തുന്നു | വർഷം മുഴുവൻ (weekly) | ---- | ക്ലാസ് ടീച്ചർ, ഇംഗ്ലീഷ് ക്ലബ്ബ് |
| 6 | Reading card making competition | ക്ലാസ് തലത്തിലെ മത്സരത്തിലൂടെ തിരഞ്ഞെടുത്ത് സ്കൂൾ തലത്തിൽ മത്സരം നടത്തുന്നു | ഓഗസ്റ്റ് , ഡിസംബർ | ---- | ക്ലാസ് ടീച്ചർ, ഇംഗ്ലീഷ് ക്ലബ്ബ് |
| 7 | Today's Theme | വ്യത്യസ്ത theme card ബോക്സിൽ നിന്നും കുട്ടികൾ ഒരെണ്ണം സെലക്ട് ചെയ്തു കിട്ടിയ theme ൽ speech അവതരിപ്പിക്കുന്നു | Daily (വർഷം മുഴുവൻ | ₹ 100 | ക്ലാസ് ടീച്ചർ |
| 8 | Speech competition | വ്യത്യസ്ത വിഷയങ്ങൾ നൽകി 3 ഘട്ടങ്ങളിലായി പ്രസംഗ മത്സരം നടത്തുന്നു | നവംബർ | ---- | ക്ലാസ് ടീച്ചർ, ഇംഗ്ലീഷ് ക്ലബ്ബ് |
| 9 | English Fest | വായനാമത്സരം,രചനാമത്സരം, സർഗാത്മക പ്രവർത്തനങ്ങൾ എന്നിവ അവതരണം | ഓഗസ്റ്റ് | ---- | ഇംഗ്ലീഷ് ക്ലബ്ബ് |
| 10 | English corner | വായനാ പരിപോഷണത്തിനായുള്ള വ്യത്യസ്ത പാഠനോപകരണങ്ങൾ ക്ലാസ് റൂം കോർണറിൽ ഒരുക്കുന്നു | ജൂൺ (വർഷം മുഴുവൻ) | ₹ 200 | ക്ലാസ് ടീച്ചർ |



11

| | | | | | |
|---|---|---|---|---|---|
| 11 | English Time | ആഴ്ചയിൽ ഒരു ദിവസം ക്ലാസ്സിൽ എല്ലാവരും ഇംഗ്ലീഷ് സംസാരിക്കുന്നു | ജൂൺ (വർഷം മുഴുവൻ) | --- | ക്ലാസ് ടീച്ചർ |
| 12 | Story Time | ക്ലാസ്സിൽ English stories, songs കേൾക്കാനും ആസ്വദിക്കാനും അവസരം നൽകുന്നു | ആഴ്ചയിൽ ഒരു ദിവസം (വർഷം മുഴുവൻ) | --- | ക്ലാസ് ടീച്ചർ |
| 13 | Star Time | ക്ലാസ്സിൽ action song പാടി അഭിനയിക്കാൻ അവസരം നൽകി മികച്ച അഭിനയ ഗായകർക്ക് star നൽകുന്നു | Weekly | ₹ 100 | ക്ലാസ് ടീച്ചർ |
| 14 | Sentence board | സ്കൂളിൽ പൊതുവായി എല്ലാ ദിവസവും sentence തയ്യാറാക്കി പ്രദർശിപ്പിക്കുന്നു | Daily | --- | ഇംഗ്ലീഷ് ക്ലബ്ബ് |






12

# ACADEMIC MASTER PLAN 2025-26

## AMLPS VILLUR

# MATHEMATICS

| | ലക്ഷ്യം | പ്രവർത്തനം | കാലയളവ് | ചുമതല |
|---|---|---|---|---|
| 1 | കളികളും നിർമ്മാണ പ്രവർത്തനങ്ങളും ഉൾപ്പെടുത്തി ഗണിതം ലളിതമാക്കൽ | * ഗണിത മാഗസിൻ<br>* ജാമിതീയ രൂപങ്ങളുടെ നിർമ്മാണം<br>ഏകദിന ക്യാമ്പ് | ജൂൺ -മാർച്ച് | SRG<br>ക്ലാസ് ടീച്ചർ |
| 2 | ഗണിത ചിന്താശേഷി വളർത്തൽ | * ഒരു ദിനം ഒരു ചോദ്യം (കുസൃതി കണക്കുകൾ)<br>ഗണിത കളികൾ (മാസത്തിൽ 1) | ജൂൺ - മാർച്ച് | ക്ലാസ് ടീച്ചർ ,<br>എസ് ആർ ജി |
| 3 | ഗണിതം ലളിതമാക്കാം കളികളിലൂടെ | * മെട്രിക് മേള<br>* ഗണിതോത്സവം | ജനുവരി | ക്ലാസ് ടീച്ചർ |
| 4 | ചതുഷ്ക്രിയകൾ ലളിതമാക്കാം | * ഏണിയും പാമ്പും കളി<br>* ഡയസ്സ് കളി<br>* സങ്കലനം വ്യവകലനം കച്ചവടക്കളി | വർഷം മുഴുവനും | ക്ലാസ് ടീച്ചർ ,<br>എസ് ആർ ജി |
| 5 | ഒറിഗാമി ശില്പശാല | ഒറിഗാമി രൂപങ്ങളുടെ നിർമ്മാണം | ഉചിതമായ സമയം | ഗണിത ക്ലബ്ബ് |
| 6 | ഗണിത ചുമർ | * ഗണിത ചുമർ ഒരുക്കൽ ഉപയോഗപ്പെടുത്തൽ<br>* ഗണിതരൂപങ്ങളുടെ പ്രായോഗിക മൂല്യങ്ങൾ തിരിച്ചറിയുന്നതിന് | വർഷം മുഴുവൻ | ക്ലാസ് ടീച്ചർ |



13

# ACADEMIC MASTER PLAN 2025-26

## AMLPS VILLUR

## EVS

| | ലക്ഷ്യം | പ്രവർത്തനം | കാലയളവ് | ചുമതല |
|---|---|---|---|---|
| 1 | പ്രകൃതിയെ അറിയുന്നതിനും ആസ്വദിക്കുന്നതിനും | * ഔഷധത്തോട്ടം സന്ദർഷനം | ഡിസംബർ - ജനുവരി | SRG - SMC |
| 2 | ശുചിത്വ ബോധമുള്ള വ്യക്തിത്വം സൃഷ്ടിക്കുന്നതിന് | * ശുചിത്വ സർവ്വേ ക്ലാസുകൾ<br>* പോസ്റ്റർ രചന മത്സരം | ജൂൺ - ജൂലായ് | ക്ലാസ് ടീച്ചർ - എസ് ആർ ജി |
| 3 | നാടറിയാൻ നാട്ടറിവുകൾ | * കർഷകരുമായി അഭിമുഖം<br>* കൃഷിയിടത്തേക്ക്<br>* നമുക്കും കർഷകരാകാം | ജനുവരി | SRG<br>SMC<br>നാട്ടുകാർ |
| 4 | ശാസ്ത്ര ബോധം വളർത്തുക | * എക്സ്പിരിമെൻറ് ഡേ<br>* ലഘുപരീക്ഷണങ്ങൾ കണ്ടെത്തുന്നു.<br>* കുറിപ്പുകൾ തയ്യാറാക്കുന്നു | ജൂൺ - ഓഗസ്റ്റ് | ശാസ്ത്ര ക്ലബ്ബ് |
| 5 | ശാസ്ത്ര പരീക്ഷണങ്ങളിൽ താൽപര്യം ജനിപ്പിക്കൽ | * ശാസ്ത്ര പ്രതിഭകളെ അടുത്തറിയാം<br>* പരീക്ഷണം വീടിനകത്തും<br>* ശാസ്ത്ര മാസികകൾ | | ശാസ്ത്ര ക്ലബ്ബ് |
| 6 | നിരീക്ഷണം | * പാഠഭാഗവുമായി ബ ന്ധപ്പെട്ട ഫീൽഡ് ട്രിപ്പുകൾ സംഘടിപ്പിക്കൻ | ആവശ്യാനുസരണം | HM<br>CPTA |
| 7 | ഭൂപടമൊരുക്കാം | കേരളം, ഇന്ത്യ ഭൂപട വായന<br>ഭൂപട രചന | | ക്ലാസ് ടീച്ചർ |



14